പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 12.03.2019

പിഎഎൻ/3053/2019 –സി4(ഡിപി)

പഞ്ചായത്ത് ഡയറക്ടർ

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

സർ,

വിഷയം: പഞ്ചായത്ത് വകുപ്പ് – ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 5 വർഷക്കാലയളവിലേയ്ക്ക് വ്യാപാര, വാണിജ്യ, വ്യവസായ ലൈസൻസ് അനുവദിയ്ക്കുന്നത് സംബന്ധിച്ച്.

സൂചന:
1. കേരള സ്റ്റേറ്റ് സ്മാൾ ഇന്റസ്ട്രീസ് അസ്സോസിയേഷൻ പ്രസിഡന്റ് 23.02.2019 ന് സമർപ്പിച്ച നിവേദനം
2. കേരള സ്റ്റേറ്റ് സ്മാൾ ആന്റ് മീഡിയം എന്റെർപ്രൈസസ് ഓർഗനൈസേഷൻ പ്രസിഡന്റ് 01.03.2019 ന് സമർപ്പിച്ച നിവേദനം.
3. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233
4. 1996 ലെ (ഫാക്ടറികളും, വ്യാപാരങ്ങളും, സംരംഭക പ്രവർത്തനങ്ങളും, മറ്റ് സേവനങ്ങളും)ചട്ടങ്ങൾ

*******

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

1996 ലെ (ഫാക്ടറികളും, വ്യാപാരങ്ങളും, സംരംഭക പ്രവർത്തനങ്ങളും, മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം ഫാക്ടറികൾ,വ്യാവസായ സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള ലൈസൻസുകളെ സംബന്ധിച്ചിടത്തോളം ലൈസൻസിന്റെ കാലാവധി 5 വർഷമായി നിജപ്പെടുത്തേണ്ടതും അങ്ങനെയുള്ള സംഗതികളിൽ മേൽ ചട്ടങ്ങളിലെ 2 ഉം 3 ഉം 4 ഉം പട്ടികകൾ പ്രകാരം പഞ്ചായത്ത് പ്രതിവർഷത്തേയ്ക്ക് നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസിന്റെ 5 ഇരട്ടി മുൻകൂറായി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും നിയമ പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് 5 വർഷക്കാലയളവിലേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും 5 വർഷകാലയളവിലേയ്ക്ക് ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശം നൽകുന്നു.

സൂചന 3 ആക്ടും സൂചന 4 ചട്ടങ്ങളും പ്രകാരം ലൈസൻസ് അനുവദിക്കുന്നതിന് ക്ലിയറൻസ് നൽകുന്നതിലേയ്ക്കായി അധികാരപ്പെട്ട സർക്കാർ വകുപ്പുകൾ, ബോർഡുകൾ, ഏജൻസികൾ എന്നിവ നൽകുന്ന ക്ലിയറൻസുകൾ 5 വർഷക്കാലയളവിലേയ്ക്കുള്ളതാണെങ്കിൽ ലൈസൻസിന്റെ കാലാവധി 5

വർഷമായി നിജപ്പെടുത്തേണ്ടതും ക്ലിയറൻസിന്റെ കാലാവധി 5 വർഷത്തിൽ താഴെയാണെങ്കിൽ ലൈസൻസിന്റെ കാലാവധി ഏതു കാലയളവിലാണോ ക്ലിയറൻസിന്റെ കാലാവധി അവസാനിക്കുന്നത് അതുവരെയായി നിജപ്പെടുത്തേണ്ടതും അങ്ങനെയുള്ള സംഗതികളിൽ സൂചന (4) ചട്ടങ്ങളിലെ 2 ഉം 3 ഉം 4 ഉം പട്ടികകൾ പ്രകാരം പഞ്ചായത്ത് പ്രതിവർഷത്തേയ്ക്ക് നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് ലൈസൻസ് അനുവദിക്കുന്ന കാലയളവുവരെ മുൻകൂറായി ഈടാക്കേണ്ടതുമാണ്. എന്നാൽ ക്ലിയറൻസുകൾ അനുവദിച്ച സർക്കാർ വകുപ്പുകൾ, ബോർഡുകൾ, ഏജൻസികൾ തക്കതായ കാരണങ്ങളാൽ ആയത് പിൻവലിക്കുകയാണെങ്കിൽ അപ്രകാരമുള്ള തീയതിയിൽ ലൈസൻസ് നിയമാനുസരണം ഗ്രാമ പഞ്ചായത്ത് റദ്ദ് ചെയ്യേണ്ടതുമാണ്. ഈ കത്ത് പ്രകാരമുള്ള ആവശ്യമായ സത്വര തുടർനടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

എം.പി.അജിത് കുമാർ
പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ
പഞ്ചായത്ത് ഡയറക്ടർക്കുവേണ്ടി

പകർപ്പ്

1. ശ്രീ. എം. ഖാലിദ്
   സംസ്ഥാന പ്രസിഡന്റ്
   കേരള സ്റ്റേറ്റ് സ്മാൾ ഇന്റസ്ട്രീസ് അസ്സോസ്സിയേഷൻ
2. ശ്രീ. അബ്ദുൾ റഹിമാൻ രണ്ടത്താനി (എക്സ്. എം.എൽ.എ)
   കേരള സ്റ്റേറ്റ് സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഓർഗനൈസേഷൻ

സി.എസ്